**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3448** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോടഞ്ചേരി ഗവൺമെന്റ് കോളേജ് ലൈബ്രറി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | റൂസ ഫണ്ടിൽനിന്നും തുക അനുവദിച്ച കോടഞ്ചേരി ഗവൺമെന്റ് കോളേജ് ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം നിലയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (എ) | കോടഞ്ചേരി സർക്കാർ കോളേജിൽ 2015-16 സാമ്പത്തിക വർഷം സെന്റർ ഓഫ് എക്സലൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി യാണ് ലൈബ്രറി ബ്ലോക്ക് നിർമ്മാണ ത്തിനായി ഫണ്ട് അനുവദിച്ചിരുന്നത്. കോവിഡ് ആരംഭിക്കുന്നതിന് മുൻപ് കോൺട്രാക്ടർ ജോലി ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുകയും താത്കാലിക വൈദ്യുത കണക്ഷൻ എടുക്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് കാലയളവിൽ ജോലി നിലച്ച് പോവുകയും തൽഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം കോൺട്രാക്ടർ ടി നിർമ്മാണ പ്രവർത്തി ഒഴിവാക്കിയതായും പൊതുമരാമത്ത് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തികൾ റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പൊതുമരാമത്ത് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | റീടെൻഡർ നടപടികൾ പൂർത്തീകരിച്ചാൻ ഉടൻ തന്നെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ